നം.കെ.എസ്.എ-കെ.ടി.എം.പി4/971/2016 തീയതി:14.07.2016

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **കാണക്കാരി** ഗ്രാമപഞ്ചായത്തിന്റെ **2014-15** സാമ്പത്തിക വ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.07.2014 മുതൽ 31.3.2015 തീയ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നു പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്ക നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 07.07.16ലെ സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധ നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്ത അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് (യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.വർഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	28.06.2016- 07.07.2016
ഉദ്യോഗസ്ഥർ	ശ്രീ.മാത്യു ജേക്കബ്ബ്, ഓഡിറ്റ് ഓഫീസർ ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ.എം.ആർ.രേണുകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീമതി ജയശ്രീ പി.ജി., ഓഡിറ്റർ

നിർവഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി റെജി ജോസഫ്	01.04.2014-31.03.2015
സെക്രട്ടറി	ശ്രീ.റ്റി.എം.ആന്റണി	01.04.2014-31.03.2015

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

വികസനകാര്യം	ശ്രീമതി സീന സജി	01.04.2014-31.03.2015
ക്ഷേമകാര്യം	ശ്രീ.സാംകുമാർ വി.	01.04.2014-31.03.2015
ആരോഗ്യ/വിദ്യാഭ്യാസം	ശ്രീമതി ബിൻസി സിറിയക്ക്	01.04.2014-31.03.2015
ധനകാര്യം	ശ്രീ.മുരളി വേങ്ങത്ത്	01.04.2014-31.03.2015

നിർവഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീമതി മിനി എസ്.തമ്പി	1.04.14-31.03.15
വെറ്റിനറി സർജൻ	ഡോ.ഡോളി മോൾ പി.ജോർജ്ജ്	1.04.14-31.03.15
മെഡിക്കൽ ഓഫീസർ-അലോപ്പതി	ഡോ.വിമി ഇക്ബാൽ	1.04.14-31.03.15
മെഡിക്കൽ ഓഫീസർ-ആയുർവേദം	ഡോ.ആശാമോൾ റ്റി.സി.	1.04.14-31.03.15
മെഡിക്കൽ ഓഫീസർ-ഹോമിയോ	ഡോ.ഗീതാ കെ.ശ്രീനിവാസൻ	1.04.14-31.03.15
അസിസ്റ്റന്റ് എൻജിനീയർ	ശ്രീ.സനീഷ് കെ.ബി.	1.04.14-31.03.15
വി.ഇ.ഒ	ശ്രീമതി ലേഖ എസ്. തമ്പി	1.04.14-31.03.15
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി ശ്രീലത സി.കെ.	1.04.14-31.03.15
ഹെഡ്മിസ്ട്രസ്	ശ്രീമതി ലിസ്സി ഏബ്രഹാം	1.04.14-31.03.15
ഡയറിഫാം ഇൻസ്ട്രക്ടർ	ശ്രീമതി ജൂലി ജോസ്	1.04.14-31.03.15
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.അൻസു ഒ.എ.	1.04.14-31.03.15

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഖണ്ഡിക നമ്പർ	**ഭാഗം 1 പൊതു അവലോകനം**

1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	തനതുവരുമാനം
1-8	ക്ഷേമപദ്ധതികൾ
1-9	ക്യാഷ് വെരിഫിക്കേഷൻ
1-10	ആഭ്യന്തരനിയന്ത്രണം
1-11	മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം
	ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
2-1	വാർഷിക കണക്കുളുടെ അവലോകനം
2-2	രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല
2-3	കാലാവധി കഴിഞ്ഞ ചെക്കുകൾ, ക്യാൻസൽ ചെയ്ത് തുക അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല
2-4	വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു-പഞ്ചായത്ത് ഫണ്ടിന് നഷ്ടം
2-5	മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല
2-6	സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല
2-7	പരസ്യനികുതി ഈടാക്കേണ്ടതാണ്.
	ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
3-1	സോളാർ എൽ.ഇ.ഡി.വഴിവിളക്കുകൾ സ്ഥാപിക്കൽ-പണി പൂർത്തീകരിച്ചിട്ടില്ല
3-2	പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ: പണി പൂർത്തീകരിച്ചിട്ടില്ല
3-3	മൃഗസംരക്ഷണ ഓഫീസർ നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ
3-4	വിവിധ ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

3-5	റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ-വീയറിംഗ് കോട്ട് അധിക ഇനത്തിൽ ചെയ്തത് അധിക ചെലവ് തടസ്സപ്പെടുത്തുന്നു
3-6	വാറ്റുപുര കുടിവെള്ള പദ്ധതി-പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയില്ല
3-7	ചാത്തമല കുടിവെള്ള പദ്ധതി രണ്ടാംഘട്ടം-ഫയൽ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു
3-8	ആശ്രയ പദ്ധതി
3-9	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
	ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
4.1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4.2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ
4.3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
4.4	വായ്പ/വായ്പ തിരിച്ചടവ്
4.5	സ്ഥിരനിക്ഷേപങ്ങൾ
4.6	ഓഡിറ്റ് റിക്കവറി
4.7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4.8	ഓഡിറ്റ് പ്രത്യവലോകനം
4.9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം 2014-15
അനുബന്ധം 2	ബാലൻസ് ഷീറ്റ് 2014-15
അനുബന്ധം 3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2014-15
അനുബന്ധം 4	റസീപ്റ്റ് ആന്റ് പെയ്മെന്റ് 2014-15

ഭാഗം –1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 22.2.14 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ചു. പുതുക്കിയ ബജറ്റിന് 12-03-15 ലെ 3-ാം നമ്പർ തീരുമാനപ്രകാരവും അംഗീകാരം പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്
മുന്നിരിപ്പ്	8593771	18453285
വരവ്	53223000	53624463
ആകെ	61816771	72077748
ചെലവ്	55656057	51725018
നീക്കിയിരിപ്പ്	6160714	20352730

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2015	30.07.2015

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2014-15	20.10.2015	കെ.എസ്.എ-കെ.ടി.എം. പി-14/ ജി.പി-17/15 തീയതി.31.12.15

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	18453285
വരവ്	53624463
ആകെ	72077748
ചെലവ്	51725018
നീക്കിയിരിപ്പ്	20352730

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാന
വികസനഫണ്ട് പൊതുവിഭാഗം	15,11,715	68,98,000	84,09,715	72,68,608	11,41,107	86
വികസനഫണ്ട് എസ്.സി.പി.	20,06,501	26,94,000	47,00,501	26,70,358	20,30,143	57
വികസനഫണ്ട് ടി.എസ്.പി.	61,840	1,42,000	2,03,840	65,500	1,38,340	32
സംരക്ഷണഗ്രാന്റ്റോഡ്	18,55,519	91,51,218	1,10,06,737	99,59,437	10,47,300	90
സംരക്ഷണഗ്രാന്റ് നോൺറോഡ്	2,00,000	26,30,082	28,30,082	22,61,516	5,68,566	80
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	4,17,765	51,19,416	55,37,181	49,84,838	5,52,343	90
പെർഫോമൻസ് ഗ്രാന്റ്	20,00,459	0	20,00,459	0	20,00,459	-
എം.എൻ.ആർ.ഇ.ജി.എസ്.	2,041	11,83,555	11,85,596	11,80,254	5,342	99
ബി.ഫണ്ട്	0	1,13,03,102	1,13,03,102	1,13,03,102	0	100

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക കളുടെ ശതമാന
191	5,01,68,785	134	3,27,04,481	6	39	70.1

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 980/2014/ഡി.പി.സി/ഡി.പി.ഒ/കെ തീ:22.5.15 നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ 169 പ്രോജക്ടുകളും പട്ടി വിഭാഗത്തിലെ 16 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിലെ 6 പ്രോജക്ടുകളും ഉൾപ്പെടെ ആ പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 134 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 14 വർക്കിംഗ് ഗ്രൂപ്പുകൾ 18.12.13 ൽ യോഗം ചേർന്ന് കരട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു. 2014 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 15 വാർഡുകളിലും രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ സംഘടിപ്പിച്ചു. 17.02.14 ലെ വികസന സെമിനാർ കരട് വ പദ്ധതി ചർച്ച ചെയ്തു. 18.7.14 ൽ വൃദ്ധർ, വികലാംഗർ, ശാരീരിക മാനസിക വെല്ലുവിളികൾ നേര എന്നിവർക്കായുള്ള പ്രോജക്ടുകൾ തീരുമാനിയ്ക്കുന്നതിനായുള്ള പ്രത്യേക ഗ്രാമസഭയും സംഘടിപ്പിച്ചു. 26. നാലാം നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി. പദ്ധതിയുടെ നേട്ടങ്ങളും കേ ചുവടെ ചേർക്കുന്നു.

<u>നേട്ടങ്ങൾ</u>

ഉൽപ്പാദനമേഖലയിൽ സമഗ്രവിളപരിപാലനം, പുരയിടകൃഷി പച്ചക്കറികൃഷി, നെൽകൃഷി വി ക്ഷീരവികസനം, മുട്ടക്കോഴി വിതരണം, ആട് വളർത്തൽ തുടങ്ങിയ പ്രോജക്ടുകൾ വിജയകരമായി നട കഴിഞ്ഞു.

സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ഹോമിയോ-ആയുർവേദ ആശുപത്രികൾക്ക് മരുന്ന വീടുകളുടെ ഗുണമേന്മ വർദ്ധനവ്, ആശ്രയ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം, ഖര സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ ശാരീരിക മാനസിക വെ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്, പട്ടി മെറിട്ടോറിയസ് വിദ്യാർഥികൾക്ക് ധനസഹായം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

പശ്ചാത്തലമേഖലയിൽ വിവിധ റോഡുകളുടെ ടാറിംഗ്, റീടാറിംഗ്, മെറ്റലിംഗ്, റോഡ് കോൺ തുടങ്ങിയവയാണ് നടപ്പിലാക്കിയത്.

<u>കോട്ടങ്ങൾ</u>

- വിവിധ നിക്ഷേപ പ്രവൃത്തികളുടെ തുടർപ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നില്ല.
- ടി.എസ്.പി.ഫണ്ടിന്റെ 32 % മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചത്.
- വാറ്റുപുര കുടിവെള്ള പദ്ധതിയ്ക്കായി മൂന്ന് വർഷമായി പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും നാ പദ്ധതി പൂർത്തീകരിച്ചില്ല.

<u>സെക്രട്ടറി ഒഴികെയുള്ള നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ</u>

<u>വിവിധ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ - വീടുകളുടെ പഴക്കം കൃത്യമായി നിർണ്ണയിക്കേണ്ടതാണ്.</u>

ഭൂരിഭാഗം ഗുണഭോക്താക്കളുടെയും ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിൽ 13-14, 14-15 വർഷത്തെ വസ്തു നിർണ്ണയരജിസ്റ്റർ പ്രകാരമുള്ള വിവരം എന്നാണ് ചേർത്തിരിക്കുന്നത്. ഭവന പുനരുദ്ധാരണം

കെട്ടിടത്തിന് 8 വർഷം പഴക്കമുണ്ടെന്ന് നിർവഹണോദ്യോഗസ്ഥയായ വി.ഇ.ഒ. കൃത്യമായി നിർണ്ണയ് സംബന്ധിച്ച ഒരു സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ – ഫയൽ പൂർത്തീകരിച്ചിട്ടില്ല.

50,000 രൂപ ചെലവിൽ സിഡ്കോയിൽ നിന്നും ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ്., പ്രിന്റർ വാങ്ങി (ഇൻവോയിസ് നം.12859/15.5.15). എന്നാൽ പ്രോജക്ട് നടപ്പാക്കിയ സമയത്ത് കമ്പ്യൂട്ടറിനും അ ഉപകരണങ്ങൾക്കും നിലവിലിരുന്ന DGS&D നിരക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കമ്പാരിറ്റീവ് സ്റ്റ തയ്യാറാക്കി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സാധനങ്ങൾ വിതരണം ചെയ്ത സിഡ്കോയുമായുള്ള ഫയലിൽ ചേർത്തിട്ടില്ല. കൃത്യമായി നടപടിക്രമങ്ങൾ പാലിച്ച് ഉപകരണങ്ങൾ c നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-7 തനത് വരുമാനം

2013-14 വർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ പറയും പ്രകാരം 35 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	2634207	4274685	1640478	+62
നികുതിയേതര വരവുകൾ	84410	74325	10085	-12
മറ്റുവരവുകൾ	583387	795470	212083	+36
ആകെ	3302004	5144480	1842476	+55.80

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	1,63,440	72
കർഷകതൊഴിലാളി പെൻഷൻ	33,63,294	458
വിധവാപെൻഷൻ	29,32,899	444
വാർദ്ധക്യകാല പെൻഷൻ	21,66,785	261
വികലാംഗ പെൻഷൻ	22,35,099	224
വിവാഹ ധനസഹായം	20,000	2
അവിവാഹിത പെൻഷൻ	3,16,785	50

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരി 04.07.2016 തീയതി 3 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാല കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

വരവിനങ്ങൾ

ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ (സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

തനതു ഫണ്ട് ചെലവുകൾ

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്ര സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.
തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എങ്കിലും പഞ്ചായ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡ് ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ഫ്ലൂറസെന്റ് ലാമ്പുകൾ/സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ സൂക്ഷ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പ് തൃക്തികരമല്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	25.04.2016	03/16	A3155/16/ 25.06.16
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.02.2008 മുതൽ 27.02.2008 വരെ	2000-01വർഷത്തെ സപ്ലിമെന്ററി ഓഡിറ്റ്	LBA(HQ)/II/8B-314/477 Dt.01.04.08

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട
പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുകളുടെ അവലോകനം

20.10.15 ൽ നടത്തിയ അക്കൗണ്ട്സ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആസ്തികൾ ശ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല എന്ന വിശേഷണം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ചുവടെ ഭേ അപാകതകൾ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപെട്ടു.

2014-15 എ.എഫ്.എസ് പ്രകാരം വസ്തുനികുതിയിനത്തിൽ തൻവർഷം പിരിച്ചെടുക്കാനുള്ള തുക 31,2 രൂപയാണ്. എന്നാൽ ടി തുകയുടെ കൃത്യത വ്യക്തമല്ല. ആയതിനാൽ വസ്തുനികുതിയി പിരിച്ചെടുക്കാനുള്ള ശരിയായ ബാലൻസ് കണക്കാക്കേണ്ടതും തുക പിരിച്ചെടുക്കുന്നതിനുള്ള നട സ്വീകരിക്കേണ്ടതുമാണ്.

2-2 രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2014 -15 വർഷം, ഗുണഭോക്തൃവിഹിതം പിരിയ്ക്കുന്നതിനായി വെറ്ററിനറി സർജന് ഇഷ്യൂ ചെയ്ത താഴെ നമ്പറുകളിലുള്ള രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (5) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	രസീത് ബുക്ക് നം	ഇഷ്യൂ ചെയ്ത തീയ്യതി
1	40488	01.10.2014
2	40489	10.10.2014
3	40490	11.12.2014

രസീതുബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2-3 കാലാവധി കഴിഞ്ഞ ചെക്കുകൾ,ക്യാൻസൽ ചെയ്ത് തുക അക്കൗണ്ടിൽ വരവുവെച്ചിട്ടി

2012, 2013 വർഷങ്ങളിൽ ഇഷ്യൂ ചെയ്തതും കാലാവധി കഴിഞ്ഞതുമായ താഴെപ്പറയുന്ന ചെക്കുകൾ ക്യ ചെയ്ത് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക (നം.8)മറുപടിയായി കമ്മിറ്റി തീരുമാനത്തിനു വിധേയമായി ടി ചെക്കുകൾ ക്യാൻസൽ ചെ അക്കൗണ്ടിൽ വരവുവെയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നം./തീയ്യതി	ചെക്ക് നം./തീയ്യതി	തുക
1	406, തീയതി 08.9.2012	23399 തീയതി 08.9.2012	1250

2	21200062 തീയതി 22.12.2012	23551 തീയതി 22.12.2012	2750
3	21300328 തീയതി 04.5.2013	236280 തീയതി 4.5.2013	500

ചെക്കുകൾ ക്യാൻസൽ ചെയ്ത് തുക അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതും വിവരം ഓ അറിയിക്കേണ്ടതുമാണ്.

2-4 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.1.2011 ലെ സ.ഉ(അ) നമ്പർ 19/11 ത. സ.ഉ(അ) നമ്പർ 20/11 ത.സ്വ.ഭ.വ ഉത്തരവുകൾ പ്രകാരം പഞ്ചായത്ത് കമ്മിറ്റി 15.10.11 തീയതിയിലെ നമ്പർ തീരുമാനമായി വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവി വിജ്ഞാപനം(5323/11) പ്രകാരം 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോ ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ഈടാക്കേണ്ട വസ്തുനികുതി ച.മീറ്ററിന് 50/-രൂപയാണ്. എന്നാൽ വർഷം നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ച.മീറ്ററിൽ താഴെ തറ വിസ്തൃതിയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള നിരക്കായ 30 രൂ നികുതി ചുമത്തിയത്. ഇത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	വാർഡ് നം./ കെട്ടിട നം	ഉടമയുടെ പേര്	വിസ്തീർണ്ണം	ഈടാക്കിയ നികുതി	ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി	കുറവ്
1	9/151-A	ഷൈലജ കെ. ശിവാസ് കളപ്പുരയ്ക്കൽ	118.30 ച.മീ	3549+ 497(സർവ്വീസ് സെസ്സ്) @14%	5915 829 (സർവ്വീസ് സെസ്സ്)	2366 332(സർവ്വ സെസ്സ്)
2	8/56-D	ഷീന എൻ.നായർ ശ്രീചിത്തിര എടവന പി.ഒ. മലപ്പുറം	233.98 ച.മീ	7722+(10% വർദ്ധനവ് ഉൾപ്പെടെ) 1082 (സർവ്വീസ് സെസ്സ്) @14%	12869 (10% വർദ്ധനവ് ഉൾപ്പെടെ) 1802 സർവ്വീസ് സെസ്സ്	5147 720(സർവ്വ സെസ്സ്)

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌ ഉൾപ്പെടുത്തേണ്ടതും, വസ്തുനികുതി, നിയമാനുസൃതമായ ലൈബ്രറി സെസ്സ്, സർവ്വീസ് സെസ്സ് എന്നിവ ഉ

ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-5 മൊബൈൽ കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.1.2011 ലെ സ.ഉ(അ) നമ്പർ 19/11 ത. സ.ഉ(അ) നമ്പർ 20/11 ത.സ്വ.ഭ.വ ഉത്തരവുകൾ പ്രകാരം പഞ്ചായത്ത് കമ്മിറ്റി വസ്തുനികുതി പരി സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (15.10.11 ലെ തീരുമാനം നം.IV(1)) വിജ്ഞാപന പ്രകാ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ കമ്യൂണിക്കേഷൻ ടവറുകളുടെ അട വസ്തുനികുതി ച.മീറ്ററിന് 500/-രൂപയാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപ മൊബൈൽ കമ്യൂണിക്കേഷൻ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ഈ വിജ്ഞാപന പ്രകാരം നിർണ്ണയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3) ലഭ്യമാക്കിയ മറു പഞ്ചായത്ത് പ്രദേശത്ത് അഞ്ച് മൊബൈൽ കമ്യൂണിക്കേഷൻ ടവറുകൾ പ്രവർത്തിക്കുന്നതായി അറിയ് പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ കമ്യൂണിക്കേഷൻ ടവറുകളുടെ അട വസ്തുനികുതി പരിഷ്കരിച്ച് പുതുക്കിയ നികുതി 2011-12 വർഷം മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കേണ്ട

2-6 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ട് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7)മറുപടിയായി സ്ഥാപന തൊഴിൽ ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

ക്രമ നം.	സ്ഥാപനം	അടവാക്കാത്ത അർദ്ധവർഷം
1	സി.എസ്.ഐ കോളേജ് ഫോർ ലീഗൽ, സ്റ്റഡീസ്, കാണക്കാരി	1,2 അർദ്ധ വർഷങ്ങൾ
2	കൊശമറ്റം ഫിനാൻസ്	2-ാം അർദ്ധവർഷം
3	എബനേസർ ഇന്റർനാഷണൽ സ്കൂൾ, കാണക്കാരി	1-ാം അർദ്ധവർഷം
4	വിവേകാനന്ദ പബ്ലിക്ക് സ്കൂൾ, കാണക്കാരി	1,2 അർദ്ധ വർഷങ്ങൾ

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തീടാക്കി അറിയിക്കേണ്ടതാണ്.

2-7 പരസ്യനികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏ വിധത്തിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അംഗീകാരത്തോട ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യ നികുതി ചുമത്താവുന ആയതിനാൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിരിയ്ക്കുന്ന പരസ്യ ബോർഡുകളിൽ നിന്നും പരസ്യ

ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഈ കാര്യത്തിൽ പഞ്ചായത്ത് കമ
അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട
പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സോളാർ എൽ.ഇ.ഡി വഴിവിളക്കുകൾ സ്ഥാപിയ്ക്കൽ:- പണി പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള എസ്.98/15 നമ്പർ പ്രോജക്ട് പ്രകാ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ 8 സോളാർ എൽ.ഇ.ഡി വഴിവിളക്കുകൾ സ്ഥാപിയ്ക്കുന്നതിന വിളക്കിന് 14875/- രൂപ വെച്ച് 1,19,000/- രൂപ (ഡി.ഡി.നം.926067 തീയതി 30.12.15) അ കൈമാറിയിട്ടുണ്ടെങ്കിലും നാളിതു വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 2014 ഡിസംബർ 29-ാം തീയതി പ നടത്തിപ്പുമായി ബന്ധപ്പെട്ട് കരാർ എഴുതിയിട്ടുണ്ടെങ്കിലും പ്രസ്തുത കരാറിൽ പഞ്ചായത്തു സെക്രട്ടറി മാ ഒപ്പിട്ടിട്ടുള്ളത്. ഈ കരാറിൽ ഡി.ഡി ലഭിച്ച് ആറു മാസത്തിനുള്ളിൽ പണി പൂർത്തീകരിയ്ക്കുമെന്നും പൂർത്ത രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരണ സാക്ഷ്യപത്രം നൽകുമെന്നും വിളക്കുകൾക്ക് അഞ്ച് വർഷത്തെ ഉറപ്പാക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ട വാർഡു മെമ്പറുമായി സംസാരിച്ചതിൽ ഈ പണിയുമായി ബ പ്രാഥമിക പ്രവർത്തനങ്ങൾ പോലും നടന്നിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഈ സാഹചര 1,19,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വഴി വിളക്കുകൾ സ്ഥാപിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3-2 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ :-പണി പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള എസ്.144/15 നമ്പർ പ്ര പ്രകാരം 79 കുടുബങ്ങൾക്ക് (ഒരാൾക്ക് 6000/-രൂപ വെച്ച്) കുടിവെള്ള കണക്ഷൻ ലഭിയ്ക്കുന്ന 4,74,000/-രൂപ (ഡി.ഡി.നം. 926457/18.2.15) വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 27.2.15-ാം തീയതി കരാർ എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇരുകക്ഷികളും ഒപ്പിട്ട് ആധികാരികമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം ഗുണഭോക്തൃ കുടുംബങ്ങൾ 79 ആണെങ്കിലും ഫയൽ പ്രകാരം 13 പേർ മാ നാളിതുവരെ അപേക്ഷകൾ ഹാജരാക്കിയിട്ടുള്ളത്. പദ്ധതിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതുമായി ബ 10.9.15, 17.12.15 തീയതികളിൽ വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കത്തിടപാടുകൾ നടത്തിയിട്ടു നാളിതുവരെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും തുടങ്ങിയിട്ടില്ല. ഈ സാഹചര 4,74,000/-/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-3 മൃഗസംരക്ഷണ ഓഫീസർ നിർവഹിച്ച വിവിധ പ്രോജക്ടുകൾ

1.മൃഗസംരക്ഷണ ഓഫീസിലേയ്ക്ക് ലാപ്പ് ടോപ്പ് വാങ്ങൽ സംബന്ധിച്ച്

പ്രോജക്ട് നം - 107/15

അടങ്കൽ & ചെലവ് - 50,000 രൂപ(തനത് ഫണ്ട്)

ഡി.ഡി.നം/ തീയതി - 927003 / 31-03-15

ക്വട്ടേഷൻ മുഖേന സ്കൈലൈൻ കമ്പ്യൂട്ടേഴ്സ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പ് മോഡം, പെൻഡ്രൈവ് എന്നിവ വാങ്ങി. (ഇൻവോയ്സ് നം: SB/11147/14-15/20.03.15). ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച വിവരം ഫയലിൽ ചേർത്തിട്ടില്ല. വാങ്ങിയ സ്ഥാപനവുമായി ഏർപ്പെട്ടതായും കാണുന്നില്ല. വാറന്റി സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.5/1.7.16) മറുപടി നൽകിയില്ല. മറുപടി ലഭ്യമാക്കാത്ത സാഹച ചെലവഴിച്ച 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. കന്നുകുട്ടി പരിപാലനം(വനിത)

പ്രോജക്ട് നം - 63/15

അടങ്കൽ & ചെലവ് - 625000രൂപ (13th CFC)

ഡി.ഡി.നം/തീയതി - 926634/27.02.15

പ്രോജക്ട് നടപ്പാക്കി വരുന്ന ക്ഷീരസംഘത്തിന്റെ വിവരം, അത് സംബന്ധിച്ച കമ്മറ്റി തീരുമാനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.5/1.7.16)നൽകിയെങ്കിലും മറുപടി പ്രസ്തുത പ്രോജക്ട് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേ വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 625000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന

3. ആട് വളർത്തൽ പ്രോജക്ട്

പ്രോജക്ട് നം - 130/15

അടങ്കൽ - 60000 രൂപ

ചെലവ് - 21000രൂപ (വികസനഫണ്ട് (ടി.എസ്.പി))

- 7000 രൂപ (ഗുണഭോക്തൃ വിഹിതം)

ജി.ഒ.(എം.എസ്)362/13/തസ്വഭവ/16.11.13 പ്രകാരം ആടുകളെ കുറഞ്ഞത് മൂന്ന് വർഷം വളർത്തുമെ വച്ചിട്ടില്ല. ഒരു ഗുണഭോക്താവ് കുറഞ്ഞത് 3 എണ്ണം വാങ്ങണമെന്ന് സബ്സിഡി മാർഗ്ഗരേഖ നിഷ്കർഷിക എന്നാൽ 7 ഗുണഭോക്താക്കൾക്കായി ഓരോ ആടിനെയാണ് വിതരണം ചെയ്തത്. വാങ്ങലിനായി കമ്മിറ്റി രൂപീകരിച്ചിരുന്നതിന്റെ വിവരവും ഫയലിൽ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാ

3-4 വിവിധ ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

1. എം.എൻ ലക്ഷം വീട് പദ്ധതി

2010-11 വർഷം പൊതുവിഭാഗത്തിൽ 38 പേരും, പട്ടികജാതിവിഭാഗത്തിൽ 8 ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്നു. നാളിതുവരെ ഭവനപൂർത്തീകരണം നടത്താത

വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്, മേൽവിലാസം	കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുക	വിഭാഗം
1	സൂസമ്മ, വെമ്പള്ളി ലക്ഷം വീട് കോളനി	7500	പൊതുവിഭാഗം
2	അന്നമ്മ ദേവസ്യ, കല്ലമ്പാറ ലക്ഷം വീട് കോളനി	7500	പൊതുവിഭാഗം
3	ഗ്രേസി മാധവൻ, കല്ലമ്പാറ ലക്ഷം വീട് കോളനി	7500	പൊതുവിഭാഗം
4	കുഞ്ഞമ്മ, കല്ലമ്പാറ ലക്ഷം വീട് കോളനി	1000	പട്ടികജാതിവിഭാഗം

എം.എൻ.ലക്ഷം വീട് പദ്ധതിയ്ക്കായി പഞ്ചായത്ത് പ്രസിഡണ്ടിന്റെയും വി.ഇ.ഒ.യുടെയും പേ അക്കൗണ്ടിൽ (കാണക്കാരി സർവീസ് സഹകരണ ബാങ്ക്, A/c no - 6741), 31.03.15 ൽ 1,42,7(നീക്കിയിരുപ്പുണ്ട്. കൂടാതെ വെമ്പള്ളി സർവീസ് സഹകരണ ബാങ്കിലുള്ള 6291 -ാം നമ്പർ അക്കൗണ്ടി വർഷാന്ത്യത്തിൽ 25,115 രൂപയും നീക്കിയിരുപ്പുണ്ട്. ഗുണഭോക്താക്കൾക്ക് അവസാന ഗഡു അ(അവശേഷിക്കുന്ന തുക ഭവനനിർമ്മാണ ബോർഡിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

2.ഇ.എം.എസ് ഭവനപദ്ധതി

പൊതുവിഭാഗത്തിൽ കരാറിലേർപ്പെട്ട 159 പേരിൽ 8 പേർകൂടി ഭവനനിർമ്മാണം പൂർത്തീകരിക്കാ(നാളിതുവരെ ഭവനപൂർത്തീകരണം നടത്താത്തവരുടെ വിവരം ചുവടെ ചേർക്കുന്നു. (എല്ലാവരും പൊതുവി

ക്രമനം	പേര്, വിലാസം	കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുക (രൂപ)
1	കുട്ടപ്പൻ ചാത്തലയിൽ	7,500
2	ജോസ് ഓലിക്കര	7,500
3	ജോസ് പൂമംഗലം	52,500
4	ഏലിക്കുട്ടി കുട്ടിപ്പറമ്പിൽ	52,500
5	ടി.എസ്.ലോറൻസ്, തച്ചങ്കുഴി	52,500
6	എൽസമ്മ തടത്തിപ്പറമ്പിൽ, കാണക്കാരി	52,500
7	ഓമന പി.എൻ., പൂവക്കുളത്ത്	22,500
8	വർക്കി മുകളേപ്പറമ്പിൽ	7,500

2,55,000 രൂപയാണ് ഗുണഭോക്താക്കൾക്ക് നൽകുവാൻ അവശേഷിക്കുന്ന ആകെ തുക. ഭവനനി ധനസഹായം നൽകുന്നതിനായി വി.ഇ.ഒ., സെക്രട്ടറി ഇവരുടെ പേരിൽ കാണക്കാരി സർവീസ് സ(

ബാങ്കിലുള്ള അക്കൗണ്ടിൽ (നം-6569)14-15 വർഷാന്ത്യത്തിൽ 21,761 രൂപ നീക്കിയിരുപ്പുണ്ട്. ഭവനനി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ വി.ഇ.ഒ.യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

3-5 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ- വീയറിംഗ് കോട്ട് അധിക കനത്തിൽ ചെയ്തത അധിക ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്തിൽ 2014-15ൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്ത വീയറിംഗ് കോട്ട് അധിക കനത്തിൽ ചെയ്തതുമൂലം ടി പ്രവൃത്തികൾക്കായി അധിക തുക ചെലവഴിക്കേ വന്നു. പഞ്ചായത്തിൽ 2014-15ൽ നടപ്പാക്കിയ മറ്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വീയറിം നിയമാനുസൃതമുള്ള 5cm കനത്തിൽ തന്നെയാണ് നടത്തിയിട്ടുള്ളത്. 7.5cm കനത്തിൽ ടി പ്രവൃത്ത വീയറിംഗ് കോട്ട് ചെയ്തതിന് പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ ചേർക്കുന്നു.

പ്രോജക്ട് നം/ പേര്/അടങ്കൽ തുക	വീയറിംഗ് കോട്ട് 7.5cm കനത്തിൽ ചെയ്തത്	വീയറിംഗ് കോട്ട് 5cm കനത്തിൽ അനുവദിക്കാവുന്നത്	അധികമായി ചെലവഴിച്ച തുക	പ്രോജക്ടിനായി ആകെ ചെലവഴിച്ച തുക/ ബിൽ നം തീയതി	കരാറുകാര കൺവീനർ
41/15.അമ്പാറ മാക്കേൽ -വൈക്കം റോഡ് കോൺക്രീറ്റിംഗ് Rs 153000	46x3x.075= 10350dm3 @75.37/10dm3 =Rs78008. എം ബുക്ക് നം. 24/14-15	46x3x.05=6900dm3 @75.37/10dm3 =Rs52005	Rs 26003	Rs 152735 42/14-15 dtd 23-1-15	ടി.എസ് ജയപ്രകാ
181/15.എണ്ണച്ചേരിമല നടപ്പാത കോൺക്രീറ്റിംഗ് Rs 100000	90.2x1x.075 =6765dm3 @75.37/10dm3 =Rs50988. എം ബുക്ക് നം.16/14-15	90.2x1x.05=4510dm3 @75.37/10dm3 =Rs33992	Rs 16996	Rs 99840 DD No.475880 dtd 20-01-2015 Rs 93850	മാത്തച്ചൻ എം വടാന

43/15 പുന്നക്കാമറ്റം പൂതക്കുഴി റോഡ് മെയിൻറനൻസ് Rs 375000	75x3x.075= 16875dm3 @65.54/10dm3 =Rs110598. എം ബുക്ക് നം.4/14-15	75x3x.05=11250dm3 @65.54/10dm3 =Rs73732.	Rs 36866	Rs 332075 50/14-15 dtd 27-2-15	ശശിധരൻ കെ എ
	ആകെ		79865		

സാധാരണ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ വീയറിംഗ് കോട്ട് 5cm കനത്തിലാണ് ചെയ്യു വ ആയതിനു വിരുദ്ധമായി 7.5 cm കനത്തിൽ വീയറിംഗ് കോട്ട് ചെയ്തതുമൂലം ടി പ്രവൃത്തികളിലായി 798 അധികം ചെലവഴിക്കേണ്ടതായി വന്നു. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ ഒഴിവാക്കാനാവാത്ത സാഹചര മാത്രമാണ് 7.5 cm കനത്തിൽ വീയറിംഗ് കോട്ട് ചെയ്തത് എന്ന് അറിയിച്ചു. എന്നാൽ 2014-15ൽ നടപ്പാക റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വീയറിംഗ് കോട്ട് നിയമാനുസൃതമുള്ള 5cm കനത്തിൽ തന്നെ നടത്തിയിട്ടുള്ളത് എന്നും 2015-16 ലും ഇപ്രകാരം തന്നെയാണ് ചെയ്തിട്ടുള്ളതെന്നും കാണാവുന്ന ആയതിനാൽ ടിയിനത്തിൽ അധികം ചെലവഴിച്ച തുക 79865 രൂപ തടസ്സപ്പെടുത്തുന്നു.

3-6 വാറ്റുപുര കുടിവെള്ള പദ്ധതി -പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാ

1. പ്രോജക്ട് നം.95/15

പദ്ധതി അടങ്കൽ - 300000 രൂപ

പദ്ധതി ചെലവ് - 241114 രൂപ ബിൽ നം (96/14-15dtd 30.03.15 -Rs 127833,
97/14-15dtd 30.03.15 -Rs 113281)

എം ബുക്ക് നം 60/14-15

കൺവീനർ - ശ്രീ.ഷാജി ജോസഫ്, തായമ്പടം, പട്ടിത്താനം

വാറ്റുപുര കുടിവെള്ള പദ്ധതിയ്ക്കായി കിണർ, വാട്ടർടാങ്ക്, പമ്പ് ഹൗസ് എന്നിവ പൂർത്തീകരിച്ചിട്ടു എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 150m പമ്പിംഗ് ലൈൻ, 1000m ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാ

എന്നിവയാണ് ടി പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയത്. കൂടാതെ 2013-14 ലെ സ്പിൽഓവർ പ്രോ 2014-15ൽ 167/15 പ്രോജക്ട് പ്രകാരം 382538 രൂപയും 172/15 പ്രോജക്ട് പ്രകാരം 156958 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള വിതരണം നാളിതുവരെ ആരംഭിച്ചിട്ടില്ല. പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7 ചാത്തമല കുടിവെള്ള പദ്ധതി രണ്ടാംഘട്ടം- ഫയൽ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

ചാത്തമല കുടിവെള്ള പദ്ധതി രണ്ടാംഘട്ടമായി പ്രോജക്ട് നം 174/15 പ്രകാരം വികസനഫണ്ട് (290000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 490000 അ പദ്ധതി തയ്യാറാക്കിയതിൽ 455423 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട വിജിലൻസ് കസ്റ്റഡിയിലായതിനാൽ പരിശോധയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെ തുക 455423 രൂപ തടസ്സപ്പെടുത്തുന്നു.

3-8 ആശ്രയ പദ്ധതി

8 കുടുംബങ്ങളുൾപ്പെട്ട ഒന്നാംഘട്ട പ്രോജക്ടിന് 2005-06 മുതൽ 2007-08 വരെയായിരുന്ന കാലാവധി. പ്രോജക്ട് പുന:പരിശോധന നടത്തി 2010-11 ൽ നടപ്പാക്കി. ഈ കുടുംബങ്ങൾക്ക് തുടർ പ്രവർത്തനത്തിനായി പ്രോജക്ട് തയ്യാറാക്കി വരുന്നു. പ്രോജക്ട് പൂർത്തികരണത്തിന് അടിയന്തിര സ്വീകരിക്കേണ്ടതാണ്. ആശ്രയ ഒന്നാംഘട്ട പ്രോജക്ടിൽ, ഭവന നിർമ്മാണത്തിനായി 1.90 ലക്ഷ വികസനഫണ്ട് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഒന്നാംഘട്ട തുടർസേവനപ്രോജക്ട് പൂർത്ത അടിയന്തിര നടപടിയിലൂടെ വികസനഫണ്ട് ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

64 കുടുംബങ്ങളെ ഉൾപ്പെടുത്തി 2013-2016 കാലയളവിലേയ്ക്കായി ആശ്രയ രണ്ടാം ഘട്ടം നടപ്പാക രണ്ടാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിനായി 4.5 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും ചെലവഴ് രണ്ട് ഘട്ടങ്ങളിലും ഫണ്ടുകളുടെ 31.03.15 വരെയുള്ള സംഗ്രഹം ചുവടെ ചേർക്കുന്നു.

ഘട്ടം	അക്കൗണ്ട് നം.	മുന്നിരിപ്പ്	നീക്കിബാക്കി
ഒന്ന്	എസ്.ബി.റ്റി.കുടല്ലൂർ, 67014529011	267367	272619 (വികസന ഫണ്ട് 1.90 ലക്ഷം ഉൾപ്പെടെ)
രണ്ട്	എസ്.ബി.റ്റി കാണക്കാരി, 67295310382	419269	336412

3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2014-15 വർഷം 242 തൊഴിൽ കാർഡ് നല്കിയിട്ടുണ്ട്. 1021 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 2014-15 സാ(വർഷം 165 പദ്ധതികൾ വിഭാവനം ചെയ്യുകയും 165 പദ്ധതികൾക്കും സാങ്കേതികാനുമതി ലഭിയ്ക്കു പദ്ധതികളും നടപ്പിലാക്കുകയും ചെയ്തു. ആകെ 52871 തൊഴിൽ ദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടിട്ടുണ്ട്. തോ: കുട്ടൽ, കൃഷിയിടങ്ങളിലെ നീർത്തട പരിപാലനം എന്നിവയാണ് മുഖ്യമായും നടപ്പിലാക്കിയ പദ്ധതികൾ

സൃഷ്ടിയ്ക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. പദ്ധതിയുടെ 2014-15 വ(
വരവ്-ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	2,041
വരവ്	11,77,100(receipts)+6,455(Interest) + 1,02,41,611(EFMS)= 1,14,25,166
ആകെ	1,14,27,207
ചെലവ്	1,14,21,864
നീക്കിയിരുപ്പ്	5,343

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച തീയതി	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാ(
ബ്ലോക്ക് പഞ്ചായത്ത്	31-10-14	2 ലക്ഷം	ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസന്റീവ്	2 ലക്ഷം	-

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തു
മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങ(
കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 14	866/14-15	39600	-	39600
KSEB	സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 11	895/14-15	91520	-	91520

KSEB	സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 15	867/14-15	34530	-	34530
KWA	കുടിവെള്ള കണക്ഷൻ	726/14-15	474000	-	474000

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചത വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര് /ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തു
				മുതൽ	പലിശ	
ഇ.എം. എസ്.ഭവന പദ്ധതി	സ.ഉ. (സാ.ധാ.)നം. 725/2010 തസ്വഭവ/ തീ 4.3.10	11020500	5980534	1293676	-	4686858

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുകളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം/തീയതി
2011-12	3.1	1312	ശ്രീ.കെ.ജെ.ദേവസ്യ, പി.റ്റി.എസ്	ശമ്പള റിക്കവറി
2013-14	2.1	11250	സെക്രട്ടറി, സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	90486100021/30.09.14
2013-14	2.1	1250	മാനേജർ, മുത്തൂറ്റ് ബാങ്ക്	90486100007/30.09.14

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം	വിഷയം	ഇപ്പോ അവസ
2006-07	3.3,3.5	2009-2010	2.8	കെ.എസ്.ഇ.ബി.നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച്	
		പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ 2013-14	5.2	തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയും	

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	5,36,24,463
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	5,17,25,018
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	18,03,288

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	1,19,000	ശ്രീ.ടി.എം.ആന്റണി, സെക്രട്ടറി
3-2	4,74,000	ശ്രീ.അൻസു ഒ.എ., അസിസ്റ്റന്റ് സെക്രട്ടറി
3-3-1	50,000	ഡോ.ഡോളിമോൾ പി. ജോർജ്, വെറ്ററിനറി സർജൻ

3-3-2	6,25,000	ഡോ.ഡോളിമോൾ പി. ജോർജ്, വെറ്ററിനറി സർജൻ
3-5	79,865	ശ്രീ.സനീഷ് കെ.ബി., അസിസ്റ്റന്റ് എൻജിനിയർ
3-8	4,55,423	ശ്രീ.സനീഷ് കെ.ബി., അസിസ്റ്റന്റ് എൻജിനിയർ
ആകെ	18,03,288	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാ
97-98ചെലവ്	നം.എൽ.എഫ്.കെ.പി.2/347/99/10.05.99/03.04.00	9	
99-00	നം.എൽ.എഫ്.കെ.പി.2/638/01/11.06.04	29	
98-99 ചെലവ്	നം.എൽ.എഫ്.കെ.പി.4/863/02/30.04.03/11.07.03	26	

00-01,01-02	നംഎൽ.എഫ്.കെ.പി.8/32/04/15.05.04/2.6.04	16	
00-01	നം.എൽ.എഫ്.കെ.പി.10/826/22.02.02/07.03.07		
96-97 വരവ്	നം.എൽ.എഫ്.കെ.പി.10/1416/07/29.11.08/5-02.09		
02-03ചെലവ്	നം.എൽ.എഫ്.കെ.പി.4/807/04/22.02.07	26	
02-03ഡി.സി.ബി	നം.എൽ.എഫ്.കെ.പി.10/1423/07/29.11.08/05.02.09	01	
03-04 (ചെലവ്)	നം.എൽ.എഫ്.കെ.പി.10/120/06/06.11.07	14	
03-04 (ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.10/1424/07/29.11.08/05.02.09		
04-05	നം.എൽ.എഫ്.കെ.പി1/h2(7)/21.02.11	10	
05-06	നം.എൽ.എഫ്.കെ.പി1/h2(8)/21.02.11	6	
06-07	നം.എൽ.എഫ്.കെ.പി.4/403/16/19.04.16	11	
07-08	നം.എൽ.എഫ്.കെ.പി.4/402/16/19.04.16	4	
08-09	നം.എൽ.എഫ്.കെ.പി.4/401/16/19.04.16	3	
09-10	നം.എൽ.എഫ്.കെ.പി.4/400/16/19.04.16	3	
10-11	നം.എ.ൽ.എഫ്.കെ.പി.4/1525/13/06.12.13		

11-12	നം.എൽ.എഫ്.കെ.പി.4/399/16/19.04.16	15	
12-13	നം.എൽ.എഫ്.കെ.പി.4/118/14/08.09.15	23	
13-14	നം.എൽ.എഫ്.കെ.പി.4/1248/14/03.09.15	16	

ഡെപ്യൂട്ടി ഡ

കേരള സംസ്ഥാന ഓഡി

ജില്ലാ ഓഡിറ്റ് കാര്യാലയം,

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.ടി.എം.പി4/971/16 **കേരള സംസ്ഥാന ഓഡി**

വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ : 0482

ഇ മെയിൽ : doktm.ksad@kera

തീയതി:

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായ നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ജില്ലയിലെ **കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ** 2014-15 വർഷത്തെ വാർഷികധനകാര്യ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കാ** **ഗ്രാമപഞ്ചായത്തിന്റെ** 2014-15 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡ
കേരള സംസ്ഥാന ഓഡി
ജില്ലാ ഓഡിറ്റ് കാര്യാലയം,